## സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകൾ

133 [1260] ശ്രീ. തോമസ് ഉണ്ണിയാടൻ :

" സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവയുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

### ഉത്തരം

(എ) 372 ഔട്ട് ലെറ്റുകൾ.

(ബി) ഇനം തിരിച്ചുള്ള ലിസ്റ്റ് താഴെ കൊടുക്കുന്നു :

| | *പേര്* | *എണ്ണം* |
|---|---|---|
| 1. | മാവേലി സ്റ്റോർ | 151 |
| 2. | ശബരി സൂപ്പർ മാർക്കറ്റ് (ലാഭം) | 198 |
| 3. | മാവേലി മെഡിക്കൽ സ്റ്റോർ | 22 |
| 4. | പെട്രോൾ ബങ്ക് | 1 |
| | ആകെ | 372 |

## ഗാർഹികാവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ അളവ്

134 [1261] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് ഗാർഹികാവശ്യത്തിനായി റേഷൻ കാർഡിന് എത്ര ലിറ്റർ മണ്ണെണ്ണ അനുവദിച്ചിരുന്നു ;

(ബി) ഗാർഹികാവശ്യത്തിന് നൽകിയ പെർമിറ്റ് പ്രകാരം ഏറ്റവും കൂടുതലും കുറഞ്ഞതുമായി എത്ര ലിറ്റർ മണ്ണെണ്ണ നൽകിയിരുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹികാവശ്യത്തിന് റേഷൻ കാർഡും പെർമിറ്റും വഴി നൽകുന്ന മണ്ണെണ്ണയുടെ അളവെത്ര ;

(ഡി) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും കേന്ദ്രത്തിൽ നിന്നും ലഭിച്ച മണ്ണെണ്ണയുടെ അളവ് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly